**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4578** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നവജാതശിശു സംരക്ഷണത്തെക്കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനും നവജാതശിശു മരണനിരക്ക് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനും, നവജാതശിശു സംരക്ഷണത്തെക്കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനും, നവജാത ശിശുമരണങ്ങൾ കുറയ്ക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>• **ജനനീജന്മരക്ഷ പദ്ധതി**<br><br>**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനീ ജന്മരക്ഷാ പദ്ധതി. ഈ പദ്ധതി പ്രകാരം ഗർഭാവസ്ഥയിലെ മൂന്നാം മാസം മുതൽ 18 മാസത്തേയ്ക്ക് പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിക്കുന്നു.**<br><br>**വാൽസല്യ സ്പർശം പദ്ധതി**<br><br>**അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രികാലങ്ങളിൽ മുലയൂട്ടൽ അപകടരഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും, അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് നേഴ്സുമാരെ വൽസല്യ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.** |

പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് നൽകി വരുന്നു.

ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നല്കി വരുന്നു.

സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്.

പ്രതിരോധ കുത്തിവയ്പ്പ് നൽകൽ, വിളർച്ചയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി വരുന്നു. കൂടാതെ കുട്ടികൾക്കും, ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവ കൃത്യമായി വിതരണം ചെയ്ത് വരുകയും ചെയ്യുന്നു.

ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതി

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഊരിന്റെ താരാട്ട്" പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശു സംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി

| | | | |
|---|---|---|---|
| | | | ''സ്നേഹപൂർവം അമ്മയ്ക്ക്'' എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തുവരികയും ചെയ്തിട്ടുണ്ട്.<br><br>കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.<br><br>അട്ടപ്പാടിയിൽ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.<br><br>അട്ടപ്പാടി ഐ.റ്റി.ഡി.പി.യുടെ ആംബുലൻസ് സർവ്വീസ് 24 മണിക്കൂർ ലഭ്യമാക്കിയിട്ടുണ്ട്.<br><br>അട്ടപ്പാടി പി.വി.റ്റി.ജി മേഖലയിലെ ആരോഗ്യകാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി വകുപ്പിന്റെ കീഴിൽ പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രധാന ആരോഗ്യസ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കാമോ; ഈ സ്ഥാപനങ്ങൾ 2023-24-ൽ ആരോഗ്യ മേഖലയിൽ ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ക്ലിനിക്കുകളുടെ സേവനം ഉപയോഗപ്പെടുത്തി നിശ്ചിത ഇടവേളകളിൽ ഉന്നതികൾ, ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് മരുന്ന് വിതരണം, ബോധവൽക്കരണം, വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ ഒ.പി. ക്ലിനിക്ക്, ആയുർവേദ ആശുപത്രി/ഡിസ്പെൻസറികൾ, എ.എൻ.എം സെന്ററുകൾ എന്നിവ വഴി ചികിത്സയും, മരുന്ന് വിതരണവും, വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികളും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

**പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ**

- **ഔട്ട് പേഷ്യന്റ് ക്ലിനിക്ക്**

| ക്രമ നം. | പേര് | ജില്ല |
|---|---|---|
| 1 | വെള്ളക്കയം | ഇടുക്കി |
| 2 | കോവിക്കടവ് | ഇടുക്കി (അടിമാലി) |
| 3 | ഇലച്ചീവഴി | പാലക്കാട് (അട്ടപ്പാടി) |
| 4 | പാടവയൽ | പാലക്കാട് (അട്ടപ്പാടി) |
| 5 | മലക്കപ്പാറ | തൃശ്ശൂർ |

- **ആയുർവേദ ആശുപത്രി/ഡിസ്പെൻസറി**

| ക്രമ നം. | പേര് | ജില്ല |
|---|---|---|
| 1 | ഗവ. ആയുർവേദ ആശുപത്രി, ആറളം | കണ്ണൂർ |
| 2 | ഗവ. ആയുർവേദ ഡിസ്പെൻസറി, കണ്ണവം | കണ്ണൂർ |
| 3 | ഗവ. ആയുർവേദ ഡിസ്പെൻസറി, ഇടിഞ്ഞാർ | തിരുവനന്തപുരം |
| 4 | ഗവ. ആയുർവേദ ഡിസ്പെൻസറി, ചെട്ടിയാമ്പറ | തിരുവനന്തപുരം |
| 5 | ഗവ. ആയുർവേദ ഡിസ്പെൻസറി, കുളത്തുപ്പുഴ | കൊല്ലം |
| 6 | ഗവ. ആയുർവേദ ഡിസ്പെൻസറി, നാറാണംമൂഴി | പത്തനംതിട്ട |
| 7 | ഗവ. ആയുർവേദ ഡിസ്പെൻസറി, ചാമ്പക്കാട് | ഇടുക്കി (അടിമാലി) |
| 8 | ഗവ. ആയുർവേദ ഡിസ്പെൻസറി, കാഞ്ചിയാർ | ഇടുക്കി |
| 9 | ഗവ. ആയുർവേദ ഡിസ്പെൻസറി, മന്നാംകണ്ടം | ഇടുക്കി (അടിമാലി) |
| 10 | ഗവ. ആയുർവേദ ഡിസ്പെൻസറി, നാളിയാനി | ഇടുക്കി |
| 11 | ഗവ. ആയുർവേദ ഡിസ്പെൻസറി, കുരുതിക്കളം | ഇടുക്കി |
| 12 | ഗവ. ആയുർവേദ ഡിസ്പെൻസറി, പിണവൂർകുടി | എറണാകുളം |
| 13 | ഗവ. ആയുർവേദ ഡിസ്പെൻസറി, കുറിയാർകുറ്റി | പാലക്കാട് |

| | | |
|---|---|---|
| 14 | ഗവ. ആയുർവേദ ഡിസ്പെൻസറി, കരുളായി | മലപ്പുറം |
| 15 | ഗവ. ആയുർവേദ ഡിസ്പെൻസറി, തരിയോട് | വയനാട് (കൽപ്പറ്റ) |
| 16 | ഗവ. ആയുർവേദ ഡിസ്പെൻസറി, ചീങ്ങേരി | വയനാട് (സുൽത്താൻ ബത്തേരി) |
| 17 | ഗവ. ആയുർവേദ ഡിസ്പെൻസറി, തിരുനെല്ലി | വയനാട് (മാനന്തവാടി) |
| 18 | ഗവ. ആയുർവേദ ഡിസ്പെൻസറി, ബേള | കാസർഗോഡ് |

- **മൊബൈൽ മെഡിക്കൽ യൂണിറ്റ്**

| ക്രമ നം. | പേര് | ജില്ല |
|---|---|---|
| 1 | മൊബൈൽ മെഡിക്കൽ യൂണിറ്റ്, മൂലമറ്റം | ഇടുക്കി |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ്, നെടുമങ്ങാട് | തിരുവനന്തപുരം |
| 3 | പി.വി.റ്റി.ജി മൊബൈൽ മെഡിക്കൽ യൂണിറ്റ്, അട്ടപ്പാടി | പാലക്കാട് |

- **മൊബൈൽ മെഡിക്കൽ ക്ലിനിക്ക് (KMSCL മുഖേന)**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| ആലപ്പുഴ | 0 |
| പത്തനംതിട്ട | 1 |
| കോട്ടയം | 0 |
| എറണാകുളം | 1 |
| ഇടുക്കി | 1 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 2 |
| മലപ്പുറം | 1 |
| കോഴിക്കോട് | 1 |
| വയനാട് | 2 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 1 |
| **ആകെ** | **14** |

- **മിഡ്‌വൈഫറി സെന്റർ**

| ക്രമ നം. | പേര് | ജില്ല |
|---|---|---|
| 1 | എ.എൻ.എം സെന്റർ, കാപ്പുസെറ്റ് | വയനാട് (സുൽത്താൻ ബത്തേരി) |
| 2 | എ.എൻ.എം. സെന്റർ, കടമാൻ കോട് | കൊല്ലം |
| 3 | എ.എൻ.എം. സെന്റർ, പഞ്ചാരക്കൊല്ലി | വയനാട് (മാനന്തവാടി) |

സെക്ഷൻ ഓഫീസർ